ഭിന്നിച്ചുനിൽക്കുന്ന ലോകത്ത് ഐക്യത്തിന്റെ ശില്പികളാകാൻ മാർപാപ്പയുടെ ആഹ്വാനം

ബാഴ്സലോണ: ഭിന്നിച്ചുനിൽക്കുന്ന ലോകത്ത് ഐക്യത്തിന്റെ സാക്ഷികളും പ്രവാചകരുമാകാൻ കത്തോലിക്കാ വിശ്വാസികളോട് ലെയോ പതിനാലാമൻ മാർപാപ്പയുടെ ആഹ്വാനം.

സ്പെയിനിൽ തുടരുന്ന സന്ദർശനത്തിന്റെ ഭാഗമായി തലസ്ഥാനനഗരമായ മാഡ്രിഡിൽ മൂന്നരദിവസത്തെ സന്ദർശനത്തിനുശേഷം ഇന്നലെ ഉച്ചയ്ക്ക് ബാഴ്സലോണ നഗരത്തിലെത്തിയ മാർപാപ്പ ഇവിടുത്തെ ഹോളിക്രോസ് ആൻഡ് സെന്റ് യുവാലിയ കത്തീഡ്രലിൽ മധ്യാഹ്ന പ്രാർഥനയ്ക്കു നേതൃത്വം നൽകി വചനസന്ദേശം നൽകുകയായിരുന്നു.

ദൈവത്താൽ സ്നേഹിക്കപ്പെടാൻ സ്വയം അനുവദിക്കുന്ന വർക്കുമാത്രമേ മറ്റുള്ളവരുമായി ചേർന്ന് സ്നേഹത്തിന്റെ പ്രവൃത്തികൾ കെട്ടിപ്പടുക്കാൻ കഴിയൂ. വൈവിധ്യങ്ങൾക്കിടയിലും ഐക്യത്തിന് മുൻഗണന നൽകാൻ തയാറാകണം- മാർപാപ്പ പറഞ്ഞു. രാത്രിയിൽ നഗരത്തിലെ ഒളിമ്പിക്സ്റ്റേഡിയത്തിൽ നടന്ന നിശാജാഗരണ പ്രാർഥനയിലും മാർപാപ്പ പങ്കെടുത്തു. യുവാക്കളുൾപ്പെടെ ഒരു ലക്ഷത്തിലേറെ പേർ പ്രാർഥനയിൽ പങ്കെടുത്തു.

സബിൻ സമീദ് പിആർഡി ഡയറക്ടർ

തിരുവനന്തപുരം: സംസ്ഥാന വിവര-പൊതുജനസമ്പർക്ക വകുപ്പ് (ഐപിആർഡി) ഡയറക്ടറായി സബിൻ സമീദിനു പൂർണ അധിക ചുമതല നൽകി സർക്കാർ ഉത്തരവായി. നിലവിൽ ലാൻഡ് ബോർഡ് സെക്രട്ടറിയായും ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറായും സേവനമനുഷ്ഠിച്ചു വരികയാണ്.

തൃണമൂൽ നേതാവ് അറസ്റ്റിൽ

കോൽക്കത്ത: ഭീഷണിപ്പെടുത്തി പണം വാങ്ങിയെന്ന പരാതിയിൽ തൃണമൂൽ നേതാവ് സബ്യസാചി ദത്ത അറസ്റ്റിൽ. 2018ൽ മുൻ ബിധാനഗർ മേയറായിരുന്ന സബ്യസാചി ദത്ത തന്നോട് ഒരു കോടിയിലധികം രൂപ ആവശ്യപ്പെട്ടതായി കാണിച്ച് ഒരു വ്യവസായി നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് പോലീസ് കേസെടുത്തത്.

യുവതിയെ മയക്കുമരുന്നു നൽകി കൂട്ട ബലാത്സംഗത്തിനിരയാക്കി

ദാവൺഗരെ: യുവതിയെ മയക്കുമരുന്നു നൽകിയശേഷം പത്തു പേർ ചേർന്ന് കൂട്ട ബലാത്സംഗത്തിനിരയാക്കിയതായി പരാതി. പ്രതികളിലൊരാൾ പകർത്തിയ വീഡിയോ സമൂഹമാധ്യമങ്ങളിൽ വൈറലായിരുന്നു. യുവതിയുടെ പരാതിയിൽ പത്തു പേരെയും പോലീസ് അറസ്റ്റ് ചെയ്തു.

പെരിയാറിൽ കാണാതായ യുവാവിനായി തെരച്ചിൽ നടത്തുന്നു.

പെരിയാറിൽ ഫൈബർ ബോട്ട് മറിഞ്ഞ് കാണാതായ

യുവാവിനായി തെരച്ചിൽ ഊർജിതം

പെരുമ്പാവൂർ: പെരിയാറിൽ ഫൈബർ ബോട്ട് മറിഞ്ഞ് കാണാതായ യുവാവിനായി തെരച്ചിൽ ഊർജിതം. തിങ്കളാഴ്ച വൈകീട്ട് 6.45 ഓടെയാണ് ഫൈബർ ബോട്ട് മറിഞ്ഞ് ചേർത്തല സ്വദേശികളായ അർജുൻ (26), അഖിൽ (26) എന്നിവർ അപകടത്തിൽപ്പെട്ടത്. ഇതിൽ അർജുൻ നീന്തി രക്ഷപ്പെട്ടിരുന്നു. അഖിൽ ഒഴുക്കൽപ്പെട്ടു. സമീപത്തെ നളന്ദ ബോട്ട് നിർമാണ കേന്ദ്രത്തിലെ തൊഴിലാളികളായ ഇരുവരും നിർമാണത്തിലിരുന്ന ഫൈബർ ബോട്ട് മുടിക്കൽ അൽ - മുബാറക്ക് സ്കൂളിന് സമീപത്തെ കടവിൽ പരീക്ഷണ ഓട്ടം നടത്തുന്നതിനിടെയാണ് അപകടം എന്നാണ് വിവരം.

തിങ്കളാഴ്ച രാത്രി വൈകി തെരച്ചിൽ അവസാനിപ്പിച്ചത് ഇന്നലെ രാവിലെ വീണ്ടും പുനരാരംഭിച്ചു. കോതമംഗലത്ത് നിന്നെത്തിയ സ്കൂബ ടീമും ആലുവയിലെ ഫയർ ബോട്ടും പെരുമ്പാവൂരിലെ നിലയത്തിലുള്ളവരുമാണ് തെരച്ചിൽ നടത്തിയിരുന്നത്. പ്രദേശവാസികളും വള്ളവുമായി തെരച്ചിലിനുണ്ടായിരുന്നു. ഇന്ന് രാവിലെ തെരച്ചിൽ പുനരാരംഭിക്കും.

അപേക്ഷ ക്ഷണിച്ചു

കൊച്ചി: എറണാകുളം മഹാരാജാസ് കോളജിൽ വിവിധ ബിരുദാനന്തര ബിരുദ (പിജി) പ്രോഗ്രാമുകളിലേക്കുള്ള പ്രവേശന നടപടികൾ ആരംഭിച്ചു. കോളജിലെ ഇന്റഗ്രേറ്റഡ് പിജി ഇൻ ആർക്കിയോളജി ആൻഡ് മെറ്റീരിയൽ കൾച്ചറൽ സ്റ്റഡീസിന്റെ ഏഴാം സെമസ്റ്ററിലേക്കുള്ള ലാറ്ററൽ എൻട്രി പ്രവേശനത്തിന് ഇപ്പോൾ അപേക്ഷിക്കാം. താല്പര്യമുള്ള ഉദ്യോഗാർഥികൾ കോളജ് ഓഫീസിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം. 20നാണ് അവസാന തീയതി.

ഇതോടൊപ്പം കോളജിലെ മറ്റ് 18 ബിരുദ പ്രോഗ്രാമുകളിലേക്കും, 22 ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കും, ഒരു ഇന്റഗ്രേറ്റഡ് പിജി പ്രോഗ്രാമിലേക്കും ഓൺലൈനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ബിരുദ പ്രോഗ്രാമുകളിലേക്ക് ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി 10ഉം, പി.ജി പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കേണ്ട അവസാന തീയതി 12ഉം ആണ്. വിശദവിവരങ്ങൾ കോളജിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (https://maharajas.kreap.co.in) ലഭ്യമാണ്. ഫോൺ: 93492 02087

ലയന നീക്കത്തിൽ ഫാർമേഴ്സ് റിലീഫ് ഫോറവും ഹരിതസേനയും

ടി.എം. ജയിംസ്

കൽപ്പറ്റ: സ്വതന്ത്ര കർഷക സംഘടനകളായ ഫാർമേഴ്സ് റിലീഫ് ഫോറവും(എഫ്ആർഎഫ്) ഹരിതസേനയും ലയന നീക്കത്തിൽ. എഫ്ആർഎഫിൽ ലയിച്ച് പ്രവർത്തിക്കാനുള്ള ആലോചനയിലാണ് ഹരിതസേന നേതാക്കളും പ്രവർത്തകരും. ലയനവുമായി ബന്ധപ്പെട്ട് രണ്ട് സംഘടനകളുടെയും നേതാക്കൾ പ്രാഥമിക ചർച്ച നടത്തിയതായാണ് വിവരം.കാർഷിക വികസന ബാങ്കിന്റെ കൽപ്പറ്റ ശാഖയ്ക്കുമുമ്പിൽ എഫ്ആർഎഫും ഹരിതസേനയും ചൊവ്വാഴ്ച സംയുക്തമായി ധർണ നടത്തിയിരുന്നു.

കടക്കെണിയിലകപ്പെട്ട കർഷകർക്കെതിരായ ജപ്തി, സർഫാസി നടപടികൾക്കെതിരേ ശക്തമായ സമരങ്ങൾ സംഘടിപ്പിച്ചു ശ്രദ്ധ നേടിയ സംഘടനകളാണ് ഫാർമേഴ്സ് റിലീഫ് ഫോറവും ഹരിതസേനയും. മുമ്പ് ഫോറത്തിൽ ഉണ്ടായിരുന്നവരാണ് ഹരിതസേനയുടെ നിലവിലെ നേതാക്കളിലും പ്രവർത്തകരിലും അധികവും.

അന്തരിച്ച കർഷക നേതാവ് എ.സി. വർക്കിയാണ് ഫാർമേഴ്സ് റിലീഫ് ഫോറം സ്ഥാപകൻ. നടവയൽ കേന്ദ്രമായി 1991ലാണ് സംഘടന പ്രവർത്തനം തുടങ്ങിയത്. വയനാട് കർഷക ആത്മഹത്യക്ക് കുപ്രസിദ്ധമായ ഘട്ടത്തിലാണ് വർക്കിയും ചില കർഷകരും ചേർന്ന് സംഘടനയ്ക്ക് രൂപം നൽകിയത്. ജില്ലയിലെ പ്രമുഖ കർഷകക്കൂട്ടായ്മയായി വളർന്ന എഫ്ആർഎഫ് തെരഞ്ഞെടുപ്പുകളിലും പയറ്റി. ചെയർമാൻ എ.സി. വർക്കി 2004ൽ കോഴിക്കോട് നിയമസഭാ മണ്ഡലത്തിൽ സ്വതന്ത്രസ്ഥാനാർഥിയായി. പിന്നീട് തദ്ദേശ തെരഞ്ഞെടുപ്പിൽ ജില്ലയിൽ വിവിധ പഞ്ചായത്തുകളിൽ സ്ഥാനാർഥികളെ നിർത്തിയ എഫ്ആർഎഫ് മുള്ളൻകൊല്ലി പഞ്ചായത്ത് ഭരണസമിതിയിൽ നിർണായക ശക്തിയുമായി.

നേതൃത്വത്തിന്റെ രാഷ്ട്രീയ നിലപാടുകളിൽ പ്രതിഷേധിച്ച് എഫ്ആർഎഫ് വിട്ടവരാണ് 2009ൽ ഹരിതസേനയ്ക്ക് രൂപം നൽകിയത്. കർഷകസമരങ്ങളിലൂടെ ഹരിതസേനയും കുറഞ്ഞ കാലത്തിനകം ജനങ്ങൾക്കിടയിൽ മേൽവിലാസം ഉണ്ടാക്കി. എം. സുരേന്ദ്രനാണ് ഹരിതസേന പ്രസിഡന്റ്. പി.എൻ. സുധാകരസ്വാമി കോ ഓർഡിനേറ്ററാണ്. എ. സി. തോമസ്, പി.എം. ജോർജ്, ടി. ഇംബായി, എ.എൻ. മുകുന്ദൻ തുടങ്ങിയവരാണ് എഫ്ആർഎഫിന് നേതൃത്വം നൽകുന്നത്.

ഐബിസ് ഇന്ത്യ ബീച്ച് ശുചീകരണം നടത്തി

കൊച്ചി: സുസ്ഥിരതയ്ക്കും ഉത്തരവാദിത്തപരമായ ഹോസ്പിറ്റാലിറ്റി പ്രവർത്തനങ്ങൾക്കുമുള്ള പ്രതിബദ്ധതയുടെ ഭാഗമായി ഐബിസ് ഇന്ത്യ രാജ്യവ്യാപക ബീച്ച് ശുചീകരണ കാമ്പയിന് തുടക്കമിട്ടു. കൊച്ചി, മുംബൈ, ഗോവ, ചെന്നൈ എന്നിവിടങ്ങളിലായി നടന്ന ഈ സംരംഭത്തിൽ ഹോട്ടൽ ജീവനക്കാർ, പ്രാദേശിക എൻജിഒകൾ, സിവിക് അധികൃതർ, സന്നദ്ധ പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

എൻജിഒ യൂണിയൻ സംസ്ഥാന സമ്മേളനം നാളെ മുതൽ കോട്ടയത്ത്

കോട്ടയം: എൻജിഒ യൂണിയൻ 63-ാം സംസ്ഥാന സമ്മേളനത്തിന് നാളെ തുടക്കമാകും. 13 വരെ കോട്ടയം മാമ്മൻ മാപ്പിള ഹാളിലാണ് സമ്മേളനം. നാളെ രാവിലെ 8.45ന് സംസ്ഥാനപ്രസിഡന്റ് എം.എ. അജിത് കുമാർ പതാക ഉയർത്തും. തുടർന്ന് സംസ്ഥാന കൗൺസിൽ യോഗം ചേരും. ഉച്ചകഴിഞ്ഞ് 3.30നു പ്രകടനമുണ്ടാകും. കോട്ടയം സിവിൽ സ്റ്റേഷൻ പരിസരത്തുനിന്നാരംഭിക്കുന്ന പ്രകടനം പൊതുസമ്മേളന വേദിയായ തിരുനക്കര മൈതാനിയിൽ സമാപിക്കും.

വൈകുന്നേരം 4.30ന് നടക്കുന്ന പൊതുസമ്മേളനം പ്രതിപക്ഷനേതാവ് പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 12ന് രാവിലെ ഒമ്പതിനു പ്രതിനിധി സമ്മേളനം സിദ്ധാർത്ഥ് വരദരാജൻ ഉദ്ഘാടനം ചെയ്യും.

പത്രസമ്മേളനത്തിൽ സ്വാഗതസംഘം ചെയർമാൻ വി.എൻ. വാസവൻ, എൻജിഒ യൂണിയൻ ജനറൽ സെക്രട്ടറി എം. വി. ശശിധരൻ, പ്രസിഡന്റ് എം. എ. അജിത് കുമാർ, സ്വാഗതസംഘം ജനറൽ കൺവീനർ സീമ എസ്. നായർ, കെ.ആർ. അനിൽകുമാർ, വി.കെ. ഉദയൻ, ടി. ഷാജി എന്നിവർ പങ്കെടുത്തു.

കേരള വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ് : 01/2026-27/EE/PDA റീബിൽഡ് യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ആറന്മുള ഗ്രാമപഞ്ചായത്തിലെ കളരിക്കോട് - വല്ലന- പത്തൻവേലിപ്പടി റോഡിലെ യൂട്ടിലിറ്റി (പൈപ്പ് ലൈൻ) റീ ബിൽഡ് കേരളാ പദ്ധതിയിൽ ഉള്ൾപ്പെടുത്തി മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി. നിരതദ്രവ്യം : Rs. 2964. ടെണ്ടർ ഫീസ് : Rs. 555. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 17-06-2026 03:00:pm ഫോൺ : 04734 224839. വെബ്സൈറ്റ് : www.kwa.kerala.gov.in, www.etenders.kerala.gov.in

(ഒപ്പ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ
പ്രോജക്ട് ഡിവിഷൻ, അടൂർ

KWA-JB-GL-6-84-2026-27

R2606-594827

ദീപിക ക്ലാസിഫൈഡ്സ്

വായനക്കാർ ശ്രദ്ധിക്കാൻ

ഈ ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങളെപ്പറ്റി വേണ്ടത്ര അന്വേഷണം നടത്തി സത്യസ്ഥിതി ബോധ്യപ്പെട്ടശേഷം മാത്രമേ അവയോടു പ്രതികരിക്കാവൂ. നേരിട്ട് അന്വേഷിച്ചശേഷമേ തുടർനടപടികളും പണമിടപാടുകളും നടത്താവൂ എന്നു വായനക്കാരോടു സവിനയം അഭ്യർഥിക്കുന്നു.

വിദ്യാഭ്യാസം

അഡ്മിഷൻ കേരളത്തിലെ മെഡിക്കൽ കോളേജിൽ
BSc(Nursing)
(Low Package- Total 9L)
GNM(10+2 Any Group),BPT, BSc (MLT)
Dialysis Technology, Optometry
BOT, BASLP, BCVT
B Pharm, MBBS, BDS
TALENT Career Guidance International Academy
Kottarakara: Palakkottu Building, Pulamon Jn.
7902769881, 9072390425

E2605-593685

BSc NURSING
STG NURSING COLLEGE MANGALORE
BSc(N)-Rs. 8.30 ലക്ഷം
GNM-Rs.3.60 ലക്ഷം
(+2 pass in any group)
BPT-Rs. 5.95 ലക്ഷം
OT/MIT/MLT-Rs. 3.60 ലക്ഷം
(3 year Diploma Course, +2 Pass/Fail are eligible)
Full Package
No Extra Fees
Admission Co-ordinator
97454 89423
94460 34284

K2605-593557

ഹോം നഴ്സിംഗ്

ഹോം നേഴ്സിംഗ്

രോഗീപരിചരണത്തിൽ പരിചയമുള്ള വരും, പ്രസവരുശ്രൂഷ, വീട്ടുജോലി (സ്ത്രീ/പു.) എന്നീ ജോലികൾക്കും ജോലിക്കാർക്കും. അഡ്വാൻസ് ശമ്പളം അടയ്ക്കാതെ സർവീസ് ലഭിക്കുന്നതിന്.

വെസ്റ്റേൺ, മുട്ടം, തൊടുപുഴ
ഫോൺ: 9446813356
9388810095

K2605-592009

അറിയിപ്പ്

പറവൂർ ജോയിന്റ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ പരസ്യപ്പെടുത്തുന്നത്. KL-42-L-4796 എന്ന ഓട്ടോറിക്ഷ ഉടമസ്യനിൽ ടി.ജി. ടി വാഹനത്തിന്റെ രജിസ്ട്രേഷൻ ബുക്ക് നഷ്ടപ്പെട്ടതിനാൽ ഡ്യൂപ്ലിക്കേറ്റ് ബുക്കിനായി അപേക്ഷിച്ചിരിക്കുന്നു. ഈ അപേക്ഷ പരിഗണിക്കുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യം പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിച്ചിരിക്കേണ്ടതാണ്. (ഒപ്പ്), പറവൂർ ജോയിന്റ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ, നോർത്ത് പറവൂർ

E2606-594843

കഷണ്ടിക്കാർക്ക് സന്തോഷവാർത്ത
കഷണ്ടി, മുടികൊഴിച്ചിൽ, അകാലനര,താരൻ എന്നിവയക്ക് ഉടൻ പരിഹാരം
Cont : 9292002643

T2605-593115

സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്

മരിയ സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്
7994114456
മണമില്ലാതെ, ബ്ലോക്ക് മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വൃത്തിയാക്കുന്നു.

T2606-594447

കൃപ സെപ്റ്റിക് ടാങ്ക് ക്ലീനിങ്ങ്
ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വൃത്തിയാക്കുന്നു
9656207148

T2606-594447

നന്മ സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്
9526283444
ഇടനിലക്കാരില്ലാതെ ബ്ലോക്ക്, ക്ലീനിംഗ്, റിപ്പയറിംഗ് നേരോടെ... നേരിട്ട്...

T2606-594129

വിദ്യാഭ്യാസം

തൊഴിലധിഷ്ഠിത ഡിപ്ലോമ

കേന്ദ്ര ഗവ. NCVRT (New Delhi) അംഗീകൃത രണ്ടു വർഷ Nursing, Lab, Xray, CT Scan & MRI ഡിപ്ലോമ കോഴ്സുകളിൽ അഡ്മിഷൻ ആരംഭിച്ചു. Xray, CT, MRI ക്ലാസ്സിൽ ആൺകുട്ടികൾക്കും പ്രവേശനം. ഹോസ്റ്റൽ സൗകര്യം. പഠനാനന്തരം സ്റ്റൈപ്പന്റോടുകൂടി ആശുപത്രി പരിശീലനവും ജോലിയും. ഓരോ ബാച്ചിലും 30 കുട്ടികൾക്ക് വീതം പ്രവേശനം. Prospectus നും അപേക്ഷാഫോറത്തിനും പൂർണവിലാസം 9847630823 Whatsapp ൽ അയക്കുക.

ഭാരത് മാതാ VTC,
താലൂക്ക് ആശുപത്രിക്ക് സമീപം
കുറവിലങ്ങാട്, കോട്ടയം - 686633.
Ph: 9447030768, 04822230294

K2606-594150

അറിയിപ്പ്

തുറവൂർ വില്ലേജ് റീസർവ്വെ ബ്ലോക്ക് 13, റീസർവ്വെ 522/4, 4.05 ആർ വസ്തുവകകൾ അങ്കമാലി SRO വക 265/1981-ാം നമ്പർ തീറാധാരപ്രകാരം തുറവൂർ കരയിൽ ചക്കിച്ചേരി ആഗസ്തി മകൻ പൗലോസ് പേർക്ക് തീറ് സിദ്ധിച്ചതിനെ തുടർന്ന് ടിയാന്റെ മരണശേഷം ടി വസ്തുവകകൾ ടിയാന്റെ നിയമാനുസൃത പിന്തുടർച്ചാവകാശികളായ ത്രേസ്യാമ്മ മുതൽ പേരുകാർക്ക് കൂട്ടാവകാശപ്പെട്ട് സിദ്ധിച്ച് ടിയാളുകൾ കൂട്ടുകൈവശം വച്ച് അനുഭവിച്ചുവരുന്നതാകുന്നു. എന്നാൽ ടി 265/1981-ാം നമ്പർ ആധാരത്തിന്റെ മുന്നാധാരമായ ടി രജിസ്റ്റർ വക 244/1971-ാം നമ്പർ ആധാരം നഷ്ടപ്പെട്ടുപോയിട്ടുള്ളതും ടി ആധാരത്തിന്റെ അടയാളസഹിതപകർപ്പ് അങ്കമാലി SROയിൽ നിന്നും എടുത്തിട്ടുള്ളതുമാകുന്നു. ടി ആധാരത്തിലെ വസ്തുവകകളെ സംബന്ധിച്ച് ആർക്കെങ്കിലും അവകാശമോ ചോദ്യമോ ഉണ്ടെങ്കിൽ ഇന്നുമുതൽ 7 ദിവസത്തിനുള്ളിൽ എന്നെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ടി 244/1971-ാം നമ്പർ ആധാരത്തിന്റെ അടയാളസഹിത പകർപ്പ് ഉപയോഗിച്ച് ടി വസ്തുവകകളെ സംബന്ധിച്ച് ക്രയവിക്രയം ഉൾപ്പെടെ ആവശ്യമായി വരുന്ന കാര്യങ്ങൾ ചെയ്യുന്നതാണെന്ന് ഏവരേയും അറിയിച്ചുകൊള്ളുന്നു.

എന്ന്, അഡ്വ. ജേക്കബ്ബ് മഞ്ഞളി
ടി.ബി ജംഗ്ഷൻ, അങ്കമാലി
09/06/2026
അങ്കമാലി

E2606-594529

നഷ്ടപ്പെട്ടു

നഷ്ടപ്പെട്ടു

എന്റെ ഇന്ത്യൻ പാസ്പോർട്ട് നമ്പർ AI309452 നഷ്ടപ്പെട്ടിരിക്കുന്നു. കണ്ടുകിട്ടുന്നവർ ദയവായി താഴെ കാണുന്ന അഡ്രസിൽ അറിയിക്കുക.

Sreeja M S
Muthirakattuparambil House,
Erumathala P.O., Keezhmad,
Aluva-683112

E2606-594844

CHANGE OF NAME

CHANGE OF NAME

I SAJINAMOL surname NIJAS NISSAR, Holder of passport No. N. 9647936 Residing at 200 A PALLIPARAMPIL HOUSE, PWD ROAD, MOULAL BUHARI DHARAS, Nettoor P. O. ERNAKULAM, 682040. do hereby change my name as SAJINAMOL R R as per my Adhaar No. 3768 5334 3033.

E2606-594814

CHANGE OF NAME

I Naveeb Thottuparampil Hassainar Rawther holder of Passport Number F2634365 residing at Vettukuzhiyil House, East Marady P.O., Muvattupuzha, Ernakulam, Kerala do hereby change my name to Najeeb Vettukuzhiyil Abdul Khader (Najeeb V.A.) as per gazette published by government of Kerala in volume 54 dated 12th May 2009 page number 540.

E2606-594841

നോട്ടീസ്

നോട്ടീസ്

എന്റെ കക്ഷി എറണാകുളം ജില്ല, കണയന്നൂർ താലൂക്ക്, ഇടപ്പള്ളി നോർത്ത് വില്ലേജ്, ഇടപ്പള്ളി നോർത്ത് പി. ഒ, തോണിപ്പറമ്പ് വീട്ടിൽ താമസം, പരീത് മകൻ, നവാസ് റ്റി.പി. എന്നയാൾ പെരുമ്പാവൂർ SRO യിലെ 5403/2013-ാം നമ്പർ പരസ്പര മാറ്റയാധാരത്തിലെ പട്ടിക 1-ാം നമ്പർ പ്രകാരം വെങ്ങോല വില്ലേജ് റീസർവ്വെ നമ്പർ 122/4/ 2, ബ്ലോക്ക് നമ്പർ 21 ൽ, പഴയ സർവ്വെ നമ്പർ 141/1 ഡി4 ൽ പെട്ട 3.03 ആർ വകകളുടേയും അതിലിരിപ് പുരയുടേയും മറ്റ് സമസ്താവകാശങ്ങളുടേയും ഉടമസ്ഥനാകുന്നു. ടി വസ്തുവിന്റെ മുന്നാധാരങ്ങളിൽപ്പെട്ട പെരുമ്പാവൂർ SRO യിലെ 4169/2011, 2829/1974, 862/1982 എന്നീ നമ്പർ ആധാരങ്ങൾ തിരിച്ചു കിട്ടാനാകാത്തവിധം നഷ്ടപ്പെട്ട് പോയിട്ടുള്ളതാകുന്നു. ടി വസ്തു എന്റെ കക്ഷി പെരുമ്പാവൂർ SRO യിലെ 5403/2013-ാം നമ്പർ ആധാരത്തിന്റെ ഇരട്ടിപ്പിന്റെ ഒറിജിനലിന്റേയും മുന്നാധാരങ്ങളിൽ പെട്ട പെർമ്പാവൂർ SRO യിലെ 4169/2011, 2829/1974, 862/1982 എന്നീ നമ്പർ ആധാരങ്ങളുടെ സർട്ടിഫൈഡ് കോപ്പിയുടേയും പിൻബലത്തിൽ പണയപ്പെടുത്തി വായ്പ എടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയോ എതിർപ്പോ ടി വസ്തുവിൽ അവകാശമോ ഉണ്ടെങ്കിൽ അവ തെളിയിക്കുന്ന രേഖകൾ സഹിതം ഈ നോട്ടീസ് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം താഴെ പറയുന്ന മേൽവിലാസത്തിൽ എന്നെ അറിയിക്കണമെന്ന് താൽപര്യപ്പെടുന്നു. അല്ലാത്ത പക്ഷം ആർക്കും തന്നെ ടി വസ്തുവിൽ അവകാശമോ അധികാരമോ ഇല്ലായെന്ന് കരുതുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

2026 ജൂൺ മാസം 10-ാം തീയതി
സരിത വേണുഗോപാൽ പി. വി.
അഡ്വക്കേറ്റ് & നോട്ടറി
ഡോർ നമ്പർ 67/2909, പുഴക്കരേഴത്ത് ബിൽഡിംഗ്, സി.എസ്.ബി. ബാങ്ക് ലിമിറ്റേഡിന് സമീപം, കോമ്പാറ, എറണാകുളം നോർത്ത്, പിൻ - 682018
ഫോൺ- **0484- 4304016/9745277729**

E2606-594826

അറിയിപ്പ്

ICICI Bank
രജിസ്ട്രേഷൻ ഓഫീസ്: ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്, ലാൻഡ്മാർക്ക്, നോട്ട് കോഴ്സ് സർക്കിൾ, വഡോദര 390007
കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ ബാങ്ക് ടവേഴ്സ്, ബാന്ദ്ര-കുർള കോംപ്ലക്സ്, ബാന്ദ്ര (ഇ), മുംബൈ- 400051
ബ്രാഞ്ച് ഓഫീസ്: ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്, 4/10, മൈത്രി ടവർ, ബൊമ്മൻഹള്ളി, ഹോസൂർ മെയിൻ റോഡ്, കർണാടക-560068

അനുബന്ധം 54

മരിച്ച വായ്പക്കാരന്റെ നിയമപരമായ അവകാശികളെ അറിയുന്നതിനുള്ള അറിയിപ്പ്

പൊതു അറിയിപ്പ്

ഐസിഐസിഐ ബാങ്ക് ലിമിറ്റഡ് (ദി ബാങ്ക്) പ്രതിഭ ഭാരതിയ, പേപ്പർ എക്സിം പ്രൈവറ്റ് ലിമിറ്റഡ്, പ്രതീക് ഭാരതിയ, യാഷിക ഭാരതിയ പരേതായ യാഷ് ഭാരതിയ്ക്കുമായി ഒരു ഹൗസിംഗ് ലോൺ: LBCOC00005480352,LBCOC00005480355 (ക്രെഡിറ്റ് സൗകര്യം) അനുവദിച്ചിരുന്നതായി ഇതിനാൽ അറിയിപ്പ് നൽകുന്നു.

ബാങ്ക് ഉദ്യോഗസ്ഥർ നടത്തിയ ഫീൽഡ് സന്ദർശനങ്ങളിലൂടെയും രജിസ്റ്റർ ചെയ്ത കോൺടാക്റ്റ് നമ്പറുകളിൽ ടെലിഫോണിക് ആശയവിനിമയത്തിലൂടെയും യാഷ് ഭാരതിയയുടെ വിയോഗവാർത്ത ഞങ്ങൾ അറിഞ്ഞു എന്ന് നിങ്ങളെ അറിയിക്കുന്നു. ഇതുസംബന്ധിച്ച്, മരണപ്പെട്ട യാഷ് ഭാരതിയയുടെയും, കടം വാങ്ങിയവരുടെയും നിയമപരമായ അവകാശികളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനായി, 05-06-2026-ന് മുമ്പ് കത്ത് അയച്ചിരുന്നു. അതിനാൽ, ഈ അറിയിപ്പ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുള്ളിൽ, മരണപ്പെട്ട യാഷ് ഭാരതിയയുടെയും നിയമപരമായ അവകാശികളുടെ വിശദാംശങ്ങൾ ബാങ്കിന്റെ രേഖകൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള അനുബന്ധ രേഖകളോടൊപ്പം പങ്കിടുന്നതിന് ഈ അറിയിപ്പ് ഇതിനാൽ നൽകുന്നു. മുകളിൽ സൂചിപ്പിച്ച വിശദാംശങ്ങൾ നിങ്ങൾക്ക് സജി ആർന് സമർപ്പിക്കാം. അല്ലെങ്കിൽ, നിങ്ങൾക്ക് ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്, സോണൽ ഓഫീസ്, പുഷ്പമംഗലം എസ്റ്റേറ്റ്, എൻ.എച്ച് ബൈപാസ്, ഇടപ്പള്ളി എന്ന ഞങ്ങളുടെ ബ്രാഞ്ചിൽ നേരിട്ടെത്തി വിവരങ്ങൾ നൽകാം.

തീയതി: ജൂൺ 10, 2026
സ്ഥലം : എറണാകുളം & കൊച്ചി

ഒപ്പ്/ അംഗീകൃത ഓഫീസർ
ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്

K2606-594842

Rado Tyres Limited
CIN: U25111KL1986PLC004449
Regd. Office: Building No 39/3B, 3B 1, Opposite Krishna Hospital, Chittoor Road, Cochin, Ernakulam, Kerala - 682 011
Tel: +91 8086095616 | Email: rado.ho@ceat.com

അറിയിപ്പ്

റാഡോ ടയേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ അംഗങ്ങളുടെ 40-ാമത് വാർഷിക പൊതുയോഗം ('AGM') 2026 ജൂലൈ 3-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്ക് 12:30-ന് (IST) വിഡിയോ കോൺഫറൻസിംഗ് ('VC') / മറ്റ് ഓഡിയോ-വിഷ്വൽ മാർഗങ്ങൾ ('OAVM') മുഖേന നടത്തപ്പെടുന്നതാണെന്ന് അറിയിപ്പ് നൽകുന്നു. യോഗ നോട്ടീസിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ പരിഗണിക്കുകയും തീരുമാനിക്കുകയും ചെയ്യുന്നതിനായാണ് യോഗം വിളിച്ചു ചേർക്കുന്നത്. ഈ AGM നോട്ടീസ്, 2013-ലെ കമ്പനി നിയമത്തിന്റെ ('the Act') ബാധകമായ വ്യവസ്ഥകളും അതിനനുസൃതമായി രൂപീകരിച്ചിരിക്കുന്ന ചട്ടങ്ങളും പലിച്ചും, കൂടാതെ കോർപ്പറേറ്റ് കാര്യ മന്ത്രാലയം ('MCA') 2025 സെപ്റ്റംബർ 22